പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *72 — 20.3.2013-ലെ മറുപടിക്ക്

## മാനസിക രോഗ ചികിൽസാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മമ്മുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ മാനസിക രോഗ ചികിൽസാ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ മാനസിക ആരോഗ്യ നിലവാരം പരിശോധിക്കുന്നതിന് വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെ നിയോഗിക്കേണ്ട തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | എ) സംസ്ഥാനത്തെ മാനസിക ആരോഗ്യ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ മാനസിക ആരോഗ്യ നില രോഗികളെ പരിശോധിക്കുമ്പോൾ എല്ലാ ദിവസവും മനോരോഗ വിദഗ്ധർ വിലയിരുത്തുന്നുണ്ട്. അന്തേവാസികളുടെ മാനസിക നിലവാരം മനോരോഗ വിദഗ്ധരായ ഡോക്ടർമാരും, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളും സൈക്യാട്രിക് സോഷ്യൽ വർക്കേഴ്സും നിരന്തരമായി പരിശോധിക്കുകയും, നിരീക്ഷിക്കുകയും ചെയ്തു വരുന്നുണ്ട്. ആയതിനാൽ ഇതിലേക്കായി ഒരു പ്രത്യേക സമിതിയുടെ ആവശ്യകത ഇല്ല |

ബി) മാനസികാരോഗ്യമുള്ളവരെ സ്ഥാപിത താൽപര്യങ്ങൾക്കു വേണ്ടി മാനസിക രോഗികളെന്ന വ്യാജേന ചികിൽസാ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

ബി) ശ്രദ്ധയിൽ വന്നിട്ടില്ല. മാനസിക രോഗികളെ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുന്നതിന് 1987-ലെ മെന്റൽ ഹെൽത്ത് ആക്റ്റിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ രോഗികളെ ചികിത്സയ്ക്കായി മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കാറുള്ളൂ.

സി) മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടരെ സന്ദർശിച്ച് സാമാന്യ നീതി നിഷേധിക്കപ്പെടുകയും സ്വതന്ത്ര ജീവിതത്തിനുള്ള അവസരം നഷ്ടപ്പെടുന്ന ഇത്തരക്കാരെ കണ്ടെത്തി മോചിപ്പിക്കുന്നതിനുവേണ്ടി, സാമൂഹ്യ, നിയമ മാനസികാരോഗ്യ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

സി) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ സാമാന്യ നീതി നിഷേധിക്കപ്പെടുകയും സ്വതന്ത്ര ജീവിതത്തിനുള്ള അവസരം നഷ്ടപ്പെടുന്നവരും ഇല്ല. മാനസിക രോഗത്താൽ സമൂഹത്തിലും കുടുംബത്തിലും ഉൾക്കൊള്ളാൻ കഴിയാത്തവരെ ബന്ധുക്കളോടു കൂടിയും ചില സന്ദർഭങ്ങളിൽ കോടതിയുടെ നിർദ്ദേശ പ്രകാരവുമാണ് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുന്നത്. 1987 -ലെ മെന്റൽ ഹെൽത്ത് ആക്റ്റിൽ മനോരോഗികളെ ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നതിനും ചികിത്സയ്ക്കു ശേഷം ഡിസ്ചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ അനുസരിച്ച് മാത്രമാണ് രോഗികളുടെ അഡ്മിഷനും ഡിസ്ചാർജ്ജും നടത്തുന്നത്. അന്തേവാസികളായ രോഗികളുടെ വ്യക്തിപരമായ കാര്യങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കൂടുതൽ ആൾക്കാർക്ക് അറിയാൻ അവസരം നൽകുന്നത് രോഗികളുടെ മനുഷ്യാവകാശ ലംഘനം കൂടിയാണ്. സംസ്ഥാനത്തെ മൂന്നു മാനസികാരോഗ്യ കേന്ദ്രങ്ങളും ബഹു: കേരള ഹൈക്കോടതിയുടെ നിരീക്ഷണത്തിലാണ്. മൂന്നു മാനസികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഈ

കമ്മിറ്റികൾ കാലാകാലങ്ങളിൽ ആശുപത്രി സന്ദർശിച്ച് ആശുപത്രിയുടെ പ്രവർത്തനങ്ങളും അന്തേവാസികളുടെ ക്ഷേമവും നേരിട്ട് അന്വേഷിച്ച് മനസ്സിലാക്കുകയും ബഹു: ഹൈക്കോടതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ മാനസികാരോഗ്യ ചികിത്സാ മേഖലയിലും സാമൂഹിക പ്രവർത്തന മേഖലകളിലും ഉള്ള വിദഗ്ദരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബോർഡ് ഓഫ് വിസിറ്റേഴ്സ് എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഈ സമിതിയും അന്തേവാസികളുടെ എല്ലാ ചികിത്സാരീതികളും അവകാശങ്ങളും കേസ്സ് റിക്കാർഡുകളും വിശദമായി പരിശോധിക്കുന്നുണ്ട്. സർക്കാരിന്റെയോ ലൈസൻസിംഗ് അതോറിറ്റിയുടേയോ നിർദ്ദേശാനുസരണം മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ അടിയന്തിരമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരം നിയോഗിക്കപ്പെട്ട സൈക്യാട്രിക് ഇൻസ്പെക്റ്റിംഗ് ഓഫീസേഴ്സിനും അധികാരം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനി ഒരു സമിതിയെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത ഇല്ല.

സെക്ഷൻ ഓഫീസർ